05-03-2023

**SUNDAY** **ഞായറാഴ്ച**

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**Government of Kerala**

**Chief Editor : PADMAM S.** **Editor : Dr. BINU HARRIET IVAN**



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-05/03/2023.

1. വൈഗ വേദിയിൽ കർഷകർക്കായി പുതിയ സാങ്കേതിക വിദ്യകൾ കൃഷി വകുപ്പ് പരിചയപ്പെടുത്തി. പഴം-പച്ചക്കറി കേടു കൂടാതെ ഒരുമാസം വരെ സൂക്ഷിക്കാവുന്ന കർഷകസൗഹൃദവിദ്യ കാൺപൂർ പിഎച്ച്ഡി സ്കോളറായ നിഖികുമാർ ഝായാണ് വൈഗ വേദിയിൽ കൃഷിവകുപ്പ് മന്ത്രി പി പ്രസാദിന്റെ സാന്നിധ്യത്തിൽ "സബ്ജികോത്തി" എന്ന സാങ്കേതികവിദ്യ പുതുതായി പരിചയപ്പെടുത്തിയത്. 20 വാട്ട് വൈദ്യുതിയും കുറച്ച് വെള്ളവും ഉപയോഗിച്ച് 3 മുതൽ 30 ദിവസം വരെ പഴങ്ങളുടെയും പച്ചക്കറികളുടെയും പുതുമ നിലനിർത്താനും സൂക്ഷിച്ചുവയ്ക്കുവാനും കഴിയുന്ന, മൈക്രോ ക്ലൈമെറ്റ് അടിസ്ഥാനമാക്കിയുള്ള സംഭരണിയാണ് സബ്ജികോത്തി. കച്ചവടക്കാർ, ചെറുകിട നാമമാത്രകർഷകർ എന്നിവർക്കായി പ്രത്യേകം രൂപകൽപ്പന ചെയ്ത ഈ സ്റ്റോറേജ് പരിസ്ഥിതി സൗഹൃദ രീതിയിൽ കർഷകരുടെ നഷ്ടം കുറക്കുവാനും, വരുമാനം 50% വരെവർദ്ധിപ്പിക്കാനും സഹായിക്കുന്നു. (നിഖികുമാർഝാ Ph:8826217394)

തൃശ്ശൂർ പട്ടിക്കാട് ആശാരിക്കാട് സ്വദേശി ജോസ് കെ സി എന്ന കർഷകൻ വികസിപ്പിച്ച കുരുമുളക് വിളവെടുക്കുന്നതിനും ശേഖരിക്കുന്നതിനും ഉള്ള ഉപകരണമാണ് മറ്റൊന്ന്. വൃക്ഷങ്ങളിൽ ഏണിവെച്ച് പ്രയാസപ്പെട്ട് കുരുമുളക് ശേഖരിക്കുന്നതിൽ നിന്ന് വിഭിന്നമായി, വളരെ എളുപ്പത്തിൽ ഈ ഉപകരണം മരത്തിന് ചുവട്ടിൽ നിന്നുകൊണ്ടുതന്നെ കുരുമുളക് വിളവെടുക്കാം. ഈ ഉപകരണത്തിൽ വിളവെടുക്കുന്ന കുരുമുളക് ശേഖരിക്കാനും ഇതിൽ തന്നെ സൗകര്യമുണ്ട്. (ജോസ്. കെ. സി Ph: 7025854007)

2. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ കീഴിലുള്ള ആലപ്പുഴ ജില്ലയിലെ കളർകോട് പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി റേഡിയോ നിലയത്തിലേക്ക് കാഷ്വൽ പ്രൊഡക്ഷൻ അസിസ്റ്റൻറ് തസ്തികയിൽ 1075/- രൂപ ദിവസവേതന നിരക്കിൽ കരാർ നിയമനം നടത്തുന്നതിനുവേണ്ടി 09.03.2023 ന് വാക്-ഇൻ-ഇൻറർവ്യൂ ആലപ്പുഴ കളർകോട് കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ, വിത്തു പരിശോധനാകേന്ദ്രത്തിൽ വച്ച് നടത്തുന്നു. 8 ഒഴിവുകളിലേക്കാണ് ഇന്റർവ്യൂ നടത്തുന്നത്. (കുട്ടനാട് റേഡിയോ നിലയത്തിൽ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പരിപാടികൾ തയ്യാറാക്കുന്നതിനും അവതരിപ്പിക്കുന്നതിനും 15 കാഷ്വൽ പ്രൊഡക്ഷൻ അസിസ്റ്റൻറുമാരുടെ പാനൽ തയ്യാറാക്കുന്നതിലേക്ക് വാക്-ഇൻ-ഇൻറർവ്യൂ മുഖേനയും തെരെഞ്ഞടുക്കുന്നതാണ്.) ഏതെങ്കിലും അംഗീകൃത സർവ്വകലാശാലയിൽ നിന്നും ലഭിച്ചിട്ടുള്ള ബിരുദമാണ് യോഗ്യത. റേഡിയോ പരിപാടികൾ തയ്യാറാക്കുന്നതിലുള്ള പരിജ്ഞാനം/അവതരിപ്പിക്കാനുള്ള കഴിവ് തുടങ്ങിയ അഭിരുചികൾ ഉണ്ടായിരിക്കണം. വാണി സർട്ടിഫിക്കറ്റുള്ളവർക്ക് മുൻഗണന ലഭിക്കും. ഇൻറർവ്യൂവിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന നിശ്ചിത യോഗ്യതകൾ ഉള്ള ഉദ്യോഗാർത്ഥികൾ 09/03/2023ന് രാവിലെ 9 മണി മുതൽ 11 മണി വരെ നടക്കുന്ന സർട്ടിഫിക്കേറ്റ് പരിശോധനയ്ക്ക് ഹാജരാകേണ്ടതാണ്. സർട്ടിഫിക്കേറ്റ് പരിശോധന സമയത്ത് വിദ്യാഭ്യാസ യോഗ്യത, എസ്.എസ്.എൽ.സി. ബുക്ക്, പ്രവൃത്തി പരിചയം, എന്നിവ തെളിയിയ്ക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും ആയവയുടെ പകർപ്പുകളും ഹാജരാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നം. 0471-2318186 ബന്ധപ്പെടുക.

3. കേരള സർക്കാർ പൊതുമേഖലാ സ്ഥാപനമായ ഹോർട്ടികോർപ്പ് ഫ്രാഞ്ചൈസി വ്യവസ്ഥയിൽ ഗ്രാമശ്രീ ഹോർട്ടി സ്റ്റോറുകൾ ആരംഭിക്കുന്നതിനായി അപേക്ഷ ക്ഷണിക്കുന്നു. പച്ചക്കറികൾക്കും പഴവർഗ്ഗങ്ങൾക്കും പുറമെ മറ്റു പൊതു മേഖല സ്ഥാപനങ്ങൾ/ കുടുംബശ്രീ/ഫാർമേഴ്സ്/ ഫാർമർ പ്രൊഡ്യൂസേഴ്സ് കമ്പനി/കൃഷി കൂട്ടങ്ങൾ സഹകരണ സ്ഥാപനങ്ങൾ എന്നിവരുടെ ഉൾപ്പന്നങ്ങളും ഹോർട്ടി സ്റ്റോറിൽ ലഭ്യമാക്കുന്നതാണ്. സ്റ്റോറുകൾക്ക് കുറഞ്ഞത് 100 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണം ഉണ്ടായിരിക്കണം. സെക്യൂരിറ്റി ഡെപ്പോസിറ്റായി 25,000/ - രൂപ അടയ്ക്കേണ്ടതാണ്. ഹോർട്ടികോർപ്പ് നിർദ്ദേശിക്കുന്ന മാതൃകയിൽ സ്റ്റോറുകൾ ക്രമീകരിക്കേണ്ടതുമാണ്. താൽപര്യമുള്ള സംരംഭകർ 0471 2359651, 9447625776 എന്നീ ഫോൺ നമ്പറുകളിലോ, മാനേജിംഗ് ഡയറക്ടർ, ഹോർട്ടികോർപ്പ്, ഉദയഗിരി, പൂജപ്പുര പി.ഒ., തിരുവനന്തപുരം - 695012. എന്ന വിലാസത്തിലോ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

4. ക്ഷീര വികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന തീറ്റ പുൽ കൃഷി വികസന പരിശീലന കേന്ദ്രത്തിൽ ക്ഷീര കർഷകർക്ക് മാർച്ച് 9, 10 തീറ്റ പുൽ കൃഷിയിൽപരിശീലനം നല്കുന്നു.രജിസ്ട്രേഷൻ ഫീസ് 20 രൂപ. ആധാർ, ബാങ്ക് പാസ്സ് ബുക്ക് എന്നിവയുടെ പകർപ്പുകൾ

കൈയ്യിൽ കരുതേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471-2501706/9400831831 എന്നീ നമ്പരുകളിൽ വിളിക്കുക അല്ലെങ്കിൽ whatsapp ചെയ്യുക

5. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.)-ന്റെയും റബ്ബറുത്പാദകസംഘങ്ങളുടെയും സംയുക്താഭിമുഖ്യത്തിൽ 2016-17 മുതൽ നടത്തിവരുന്ന, ഒരു വർഷക്കാലം നീണ്ടുനിൽക്കുന്ന തേനീച്ചപരിപാലന സർട്ടിഫിക്കറ്റ് കോഴ്സ് ഈ വർഷവും തുടരുന്നതാണ്. തേനീച്ചവളർത്തലിന്റെ വിവിധഘട്ടങ്ങളിലെ കാലാനുസൃതമായ പരിപാലനമുറകളും പ്രായോഗികപരിശീലനവും ഉൾപെടുന്നതാണ് രണ്ടാഴ്ചയിൽ ഒരുദിവസം എന്ന കണക്കിൽ നടത്തുന്ന ഒരുവർഷം നീണ്ടുനിൽക്കുന്ന ഈ പരിശീലനപരിപാടി. തേനീച്ചവളർത്തൽ പരിശീലകരായി ജോലി നേടുന്നതിനും റബ്ബർതോട്ടങ്ങളിൽ തേനീച്ചകളെ വളർത്തി അധികവരുമാനമുണ്ടാക്കുന്നതിനും ഈ കോഴ്സിലൂടെ ലഭിക്കുന്ന പ്രായോഗികപരിചയം സഹായിക്കും. താൽപര്യമുള്ളവർക്ക് വിശദവിവരങ്ങൾക്കായി അതതു പ്രദേശത്തെ റബ്ബർബോർഡ് ഓഫീസിലോ **04812353127, 7306464582** എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം